ജലപാതകളുടെ വികസനപ്രവർത്തനങ്ങളുടെ പുരോഗതി

70 [3657] ശ്രീ. കെ. കെ. ഷാജു:

" ഉമേഷ് ചള്ളിയിൽ:

" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ജലപാതകളുടെ വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ;

(സി) ഈ പാതയുടെ ടെർമിനൽ സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(ഡി) പ്രസ്തുത പാതയിൽ എന്നത്തേക്ക് ഗതാഗതം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഇ) ഏതുതരം ഗതാഗത സംവിധാനങ്ങളാണ് ഈ പാതയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ടി. എസ്. കനാലിന്റെ പൂന്തുറ മുതൽ ആക്കുളം വരെയുള്ള കനാൽ ഭാഗികമായും ആക്കുളം മുതൽ ഐ.എസ്.ആർ.ഒ. ബ്രിഡ്ജ് വരെയുള്ള ഭാഗവും സഞ്ചാരയോഗ്യമാണ്. ഐ.എസ്.ആർ.ഒ. ബ്രിഡ്ജ് മുതൽ പള്ളിത്തുറ പാലം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം മുതൽ കോവളം വരെയുള്ള ഭാഗം ഗതാഗതയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിലെ വികസന സംരക്ഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം മുതൽ കൊറ്റിവരെയുള്ള ജലപാതയുടെ നവീകരണത്തിനും വികസനത്തിനും വേണ്ടി 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 37 ബോട്ട്ജെട്ടികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൊറ്റി-വളപട്ടണം-പറശ്ശിനികടവ് ജലപാതയുടെ വികസനം ലക്ഷ്യമാക്കി നബാർഡ് സഹായത്തോടെ നടപ്പിലാക്കിവരുന്ന 1300 ലക്ഷം രൂപയുടെ പദ്ധതിയിൽ സുൽത്താൻ കനാലിന്റെ പുനരുദ്ധാരണപണികളിൽ "കോഴി ബസാർ" എന്ന സ്ഥലത്തുള്ള പാലത്തിന്റെ പുനർനിർമ്മാണം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. വളപട്ടണം-മാഹി കനാൽ വടകര-മാഹി കനാൽ എന്നിവയുടെ നിർമ്മാണത്തിനുള്ള പദ്ധതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊല്ലം-കോട്ടപ്പുറം ജലപാത, ദേശീയ ജലപാതയായി അംഗീകരിച്ചു കഴിഞ്ഞ ഭാഗമായതിനാൽ ആ ഭാഗത്തെ വികസനസംരക്ഷണ പണികൾ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യയാണ് നടപ്പിലാക്കുന്നത്. ആ ഭാഗത്തെ ഡ്രഡ്ജിംഗ് പണികൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വികസന പുരോഗതി അവലോകനം ചെയ്യുന്നതിന് ഐ.ഡബ്ല്യു.എ.ഐ.യുടെ അഭ്യർത്ഥന മാനിച്ച് സംസ്ഥാന സർക്കാർ യോഗങ്ങൾ നടത്താറുണ്ട്.

(സി) ഇല്ല.

(ഡി ആന്റ് ഇ) ദേശീയ ജലപാതയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ പ്രസ്തുത ജലപാതയിലെ ഗതാഗതം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ തീരുമാനിക്കാൻ കഴിയൂ.

കനോലി തോട്ടിൽ ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി

71 [3658] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോരപ്പുഴയും കല്ലായിപ്പുഴയും ബന്ധിപ്പിക്കുന്ന കനോലി തോട് ഗതാഗതസൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിപ്രകാരം എത്ര സംഖ്യ ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

(സി) കോരപ്പുഴയിൽ നിന്നാരംഭിച്ച് കോഴിക്കോട് കോർപ്പറേഷൻ അതിർത്തിവരെയുള്ള ഏലത്തൂർ പഞ്ചായത്തിലെ കനോലി തോട് ഭാഗം ആഴം കൂട്ടിയും ഭിത്തി കെട്ടിയും യാത്രാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കനോലി കനാലിന്റെ ഒന്നാം ഘട്ടം പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള അടങ്കൽതുക 6.92 കോടി രൂപയാണ്.

(ബി) 2004 മാർച്ച് വരെ 739.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) എലഞ്ഞിക്കൽ മുതൽ കല്ലായിപ്പുഴ വരെയുള്ള 11.20 കിലോമീറ്റർ നീളമുള്ള കനോലി കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തി 16 റീച്ചുകളായി ഭാഗിച്ച് 7.20 കിലോമീറ്റർ ദൂരം പൂർത്തിയായിട്ടുണ്ട്. ബാക്കി നാലു കിലോമീറ്റർ ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ കാലവർഷം കഴിഞ്ഞാൽ തുടങ്ങുന്നതാണ്. പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഇതേവരെ 739.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly